- സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ അധിക ബാധ്യത ഉണ്ടാകാതിരിക്കുവാനുമുള്ള നടപടികളെടുക്കുക ;

(സി) യാഥാർത്ഥ്യമായിക്കഴിഞ്ഞു.

വെയ്സ് ആന്റ് മീൻസ് ക്ലിയറൻസിനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകൾ

5 (1800) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം നാളിതുവരെ ധനകാര്യ വകുപ്പിൽ വെയ്സ് ആന്റ് മീൻസ് ക്ലിയറൻസിനു വേണ്ടി എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്ര കേസ്സുകളിൽ ക്ലിയറൻസ് നൽകുകയുണ്ടായി ;

(സി) ധനകാര്യ വകുപ്പു മന്ത്രിയുടെ പ്രത്യേക ഉത്തരവുമൂലം വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകിയ കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 4693 അപേക്ഷകൾ ലഭിക്കുകയുണ്ടായി.

(ബി) 4523

(സി) ധനകാര്യമന്ത്രിയുടെ പ്രത്യേക ഉത്തരവിൻ പ്രകാരം വെയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകിയിട്ടില്ല.

നോൺ ടാക്സ് റവന്യൂ സെല്ലിന്റെ പ്രവർത്തനങ്ങൾ

6 (1801) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഭാഗമായുള്ള നോൺ-ടാക്സ് റവന്യൂ സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) നികുതിയേതര വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം ശുപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം ശുപാർശകൾ സർക്കാർ സ്വീകരിച്ചുവെന്നും ഏതൊക്കെ ഇതിനകം നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ ;

(ഡി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തിനകം ഏതെല്ലാം മേഖലകളിൽ ഫീസും ചാർജും വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly